LIBRARY ARCHIVES Kerala Legislative Assembly

'ആശ്വാസ് ' പദ്ധതി

26 (2496) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആശ്വാസ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായോ ; എങ്കിൽ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി എത്ര രൂക വകയിരുത്തിയെന്നും എത്ര രൂക എന്തെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'ആശ്വാസ് ' പദ്ധതി നടപ്പാക്കുന്നതിനായി 9 ജില്ലകളിൽനിന്നും 9 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ 2014-15-ൽ ഒറ്റത്തവണ അധിക കേന്ദ്രധനസഹായമായി വകയിരുത്തിയിരുന്ന 2 കോടി രൂപ ലഭിക്കാത്തതിനാൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരളത്തിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള ഗവ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കായിക, കല, പ്രവൃത്തിപരിചയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുകയെന്നതാണ് 'ആശ്വാസ് ' പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(ഡി) മാർഗ്ഗരേഖ പരിഗണനയിലാണ്.

(ഇ) 2014-15-ൽ 5 കോടി രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. കേന്ദ്രധനസഹായമായി ലഭിക്കുവാനുള്ള 2 കോടി രൂപ അനുവദിക്കാത്തതിനാൽ യാതൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല. എന്നാൽ 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

27 (2497) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സ്കൂൾ തലത്തിൽ എൽ.പി.യിൽ (1-5 വരെ)1:30 ഉം യു.പി. യിൽ (6-8 വരെ) 1:35 ഉം ആയി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കെ.ഇ.ആർ. പ്രകാരം നിലവിലുള്ള അനുപാതം ക്ലാസ് തലത്തിൽ 1:45 ആണ്.

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly